LIBRARY ARCHIVES Kerala Legislative Assembly

(7) അനധികൃത കടവുകളിൽനിന്നുള്ള മണലെടുക്കൽ

ശ്രീ. എം. ഹംസ: സർ, വളരെ പ്രധാനപ്പെട്ട ഒരു സാമൂഹ്യ പ്രശ്നത്തിലേയ്ക്കാണ് ഈ സഭയുടെ ശ്രദ്ധ ക്ഷണിക്കുന്നത്. അനധികൃത മണൽക്കടവുകളിൽ നിന്ന് മണലെടുത്തുകൊണ്ടുപോകുന്ന മണൽമാഫിയതന്നെ കേരള സംസ്ഥാനത്ത് രൂപം കൊണ്ടിരിക്കുകയാണ്. ഇന്ന് നിർമ്മാണ പ്രവർത്തനങ്ങളുടെ വേലിയേറ്റമാണ് കേരളത്തിൽ നടക്കുന്നത്. നിർമ്മാണ പ്രവർത്തനങ്ങൾക്കും വീടുകൾ പുതുക്കിപ്പണിയുന്നതിനും മണൽ അനിവാര്യമാണ്. ആ മണൽ കൊടുക്കാനുള്ള ഉത്തരവാദിത്വം സംസ്ഥാന ഗവൺമെന്റിനുണ്ട്. സംസ്ഥാന ഗവൺമെന്റിന് ആ ഉത്തരവാദിത്വം നിലനിൽക്കെത്തന്നെ പാരിസ്ഥിതിക പ്രശ്നത്തേയും സാമൂഹ്യപ്രശ്നത്തേയും കൈകാര്യം ചെയ്യാനുള്ള ഒരു ജാഗ്രത കേരളാ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഈ സാമൂഹിക പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടി മണൽക്കടവുകൾ എന്നാണോ തീരുമാനിച്ചത് അതിനുശേഷം മണൽക്കടവുകൾ പുതുക്കി നിശ്ചയിച്ചിട്ടില്ല. നല്ല കടവുകളെല്ലാം ഇന്ന് മണൽമാഫിയകളുടെ കൈയിലാണ്. ആ മണൽ മാഫിയകളുടെ കൈയിൽ വരുന്ന പണം സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾക്ക് ഉപയോഗപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ട് അനധികൃത കടവുകളിൽനിന്നും മണൽക്കടവുകളിൽനിന്നും മണൽ എടുക്കുന്നത് തടയുന്നതിനുവേണ്ടി ഒരു നല്ല സംവിധാനം വേണം. കേരളത്തിലെ സർക്കാർ മണൽവാരൽ തടയുന്നതിനുവേണ്ടി ഒരു സേന രൂപീകരിക്കണമെന്ന് തീരുമാനിച്ചിട്ടുണ്ട്. അതിനുവേണ്ട പണം റിവർ മാനേജുമെന്റ് ഫണ്ടിൽനിന്ന് കൊടുക്കണമെന്ന് നിയമവുമുണ്ടാക്കിയിട്ടുണ്ട്. ആ നിയമം ഇവിടെ നടപ്പാക്കിയിട്ടില്ല. അനധികൃത കടവുകളിൽനിന്നും മണൽ എടുക്കുന്നത് തടയുന്നതിനുവേണ്ടിയുള്ള പ്രത്യേക സേനാസംവിധാനം പാലക്കാട് ജില്ലയിൽ ഭാരതപ്പുഴയിൽ ആരംഭിക്കണം. ഭാരതപ്പുഴയെ, നിളയെ സംരക്ഷിക്കാനുള്ള ഉത്തരവാദിത്വത്തിന്റെ ഭാഗമായി ആ പദ്ധതി നടപ്പാക്കണമെന്നും മണൽ സേനയുടെ സംരക്ഷണത്തിനു വേണ്ടിയിട്ടുള്ള സംവിധാനം ഏർപ്പെടുത്തണമെന്നും അഭ്യർത്ഥിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): ഇപ്പോൾ നിലവിലുള്ള നിയമമായ 2001-ലെ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും ആക്ട് വളരെ കർശനമായി നടപ്പാക്കി വരുന്നു. പ്രത്യേകിച്ച് നിയന്ത്രണമില്ലാത്തതും അനിയന്ത്രിതമായ രീതിയിലും അനുവദിക്കപ്പെടാത്ത കടവുകളിൽനിന്നൊക്കെ മണൽ എടുക്കുന്നത് കർശനമായി നിയന്ത്രിക്കാൻ വേണ്ടിയുള്ള നിയമമാണ് അത്. ഈ നിയമത്തിന്റെ അടിസ്ഥാനത്തിലാണ് ഇപ്പോൾ നടപടികൾ സ്വീകരിച്ചുവരുന്നത്. എന്നാൽ മണൽക്ഷാമം രൂക്ഷമാകുകയും മണലിന്റെ ആവശ്യം നമുക്ക് വളരെ കൂടുതലാകുകയും വില അനിയന്ത്രിതമായി ഉയരുകയും ചെയ്യുന്ന സാഹചര്യം ചൂഷണം ചെയ്തുകൊണ്ട് പല തരത്തിലുള്ള മാഫിയ പ്രവർത്തനങ്ങൾ ഇന്നു നടന്നുവരികയാണ്. ബഹുമാനപ്പെട്ട എം. ഹംസ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ ഭാരതപ്പുഴയുടെ എല്ലാ ഭാഗങ്ങളിൽനിന്നും വ്യാപകമായ രീതിയിൽ മണൽ കടത്തിക്കൊണ്ടു

പോകുന്നു എന്നുള്ള പരാതികൾ ബഹുമാനപ്പെട്ട എം.എൽ.എ. തന്നെ ഇവിടെ മുമ്പ് ഉന്നയിച്ചിട്ടുള്ളതാണ്. റവന്യൂ ഡിപ്പാർട്ടുമെന്റിന്റെ ഇന്നത്തെ സംവിധാനമുപയോഗിച്ച് നിയമപ്രകാരം റവന്യൂ ഉദ്യോഗസ്ഥന്മാരാണ് പോലീസിന്റെ സഹായത്തോടുകൂടി മണൽ പിടിക്കുന്നതും കേസ് എടുക്കുന്നതും. എന്നാൽ ഇന്നത്തെ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ ഈ നിയമം കുറച്ചുകൂടി കർശനമായി നടപ്പാക്കണമെന്നും ഒരു പ്രത്യേക ഫോഴ്സ് തന്നെ പോലീസ്സേനയിൽനിന്നുവേണമെന്നതിന്റെ അടിസ്ഥാനത്തിലാണ് ഇന്നത്തെ നിയമത്തിൽ ആവശ്യമായ ഭേദഗതി വരുത്തിയത്. ശബരിമലയിലെ ഇന്നത്തെ പ്രത്യേക തിരക്കെല്ലാം കഴിഞ്ഞാൽ തീർച്ചയായിട്ടും ജനുവരി മാസത്തിൽത്തന്നെ എല്ലാ ജില്ലകളിലും പോലീസ് ഡിപ്പാർട്ടുമെന്റിന്റെ സഹായത്തോടുകൂടി ഇത്തരമൊരു സേന രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. നിളാനദി സംരക്ഷിക്കുക എന്ന ലക്ഷ്യം വച്ചുകൊണ്ടുള്ള പ്രവർത്തനം നമുക്ക് പാലക്കാട് ആരംഭിക്കാം. ഭാരതപ്പുഴയുടെ സംരക്ഷണം ലക്ഷ്യമാക്കാം. ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിയുമായി കൂടിയാലോചിച്ച് ജനുവരി മാസംതന്നെ അത്തരം ഫോഴ്സിന്റെ പ്രവർത്തനം ആരംഭിക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

പ്രതിപക്ഷ നേതാവ് (ശ്രീ. ഉമ്മൻ ചാണ്ടി): സർ, മണൽക്ഷാമം വളരെ രൂക്ഷമാണ്. ഗവൺമെന്റ് അനധികൃതമായരീതിയിൽ മണൽ വാരുന്നതിനെതിരെയും മണൽ മാഫിയയെ നിയന്ത്രിക്കുന്നതിനും കർശന നടപടികളെടുക്കുകയും നിബന്ധന വയ്ക്കുകയും ചെയ്യുന്നതിൽ യാതൊരു തെറ്റുമില്ല. പക്ഷെ ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയോട് പറയുന്നത്, മൈനിംഗ് ആന്റ് ജിയോളജി ഡിപ്പാർട്ടുമെന്റ് ന്യായമായ നിബന്ധന വച്ചാൽ തമിഴ്നാട്ടിൽനിന്ന് മണൽ കിട്ടാനുള്ള സാധ്യതയുണ്ട് ; അവിടെനിന്നും മണൽ ഇങ്ങോട്ട് കൊണ്ടുവരുന്നുണ്ട്. പക്ഷെ അതിന് പാസ് ഇഷ്യൂ ചെയ്യുന്നതും മറ്റുമുള്ള കാര്യത്തിൽ പലവിധത്തിലുള്ള ബുദ്ധിമുട്ട് വന്നിട്ടുണ്ട്. അതൊന്ന് പരിശോധിക്കണം, തമിഴ്നാട്ടിൽനിന്ന് മണൽ വരുന്നതിന് സഹായകരമായ ഒരു സമീപനം സ്വീകരിക്കണം. നമ്മുടെ നിർമ്മാണ പ്രവർത്തനങ്ങൾ സ്തംഭിക്കുന്ന സ്ഥിതിയും തൊഴിലാളികൾക്ക് പണിയില്ലാത്ത സ്ഥിതിയും വരുന്നുണ്ട്. നമ്മൾ അക്കാര്യത്തിൽ പ്രായോഗികമായ ഒരു സമീപനമെടുക്കണം. വ്യവസായ വകുപ്പുമന്ത്രിതന്നെ നേരിട്ട് പരിശോധിച്ച് ആവശ്യമായിട്ടുള്ള നടപടികളെടുക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം): സർ, അയൽ സംസ്ഥാനങ്ങളിൽനിന്ന് മണൽ കൊണ്ടുവരുന്നതിന് വളരെ ഉദാരമായ നിലയിൽ അനുമതി കൊടുക്കണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്. എന്തെങ്കിലും തടസ്സമുണ്ടെങ്കിൽ നീക്കം ചെയ്യും. മാത്രമല്ല, ഒരുവിധത്തിലും ട്രാൻസിറ്റിൽ പരിശോധിച്ച് തടസ്സമുണ്ടാകരുതെന്നും മന്ത്രിസഭാ സബ്കമ്മിറ്റി യോഗം ചേർന്ന് തീരുമാനമെടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly